# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വളപട്ടണം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി 5/1558/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 19/10/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വളപട്ടണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി 5/1558/23 തീയ്യതി: 19/10/2023

## കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-11-2022 മുതൽ 17-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എ.ആർ.ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 18-09-2023 | 03-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-09-2023 | 30-09-2023 |
| 03-10-2023 | 03-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സുരേഷ് ബാബു.കെ.വി,ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്),
ശ്രീ.ഗണേശൻ കേളോത്ത്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി.അന്ന അബ്രഹാം,ഓഡിറ്റർ (ഹയർ ഗ്രേഡ്).

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഷമീമ.പി.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഹരിദാസ്.സി.എം | സെക്രട്ടറി | 01-04-2022 | 22-11-2022 |
| ശ്രീ.അബ്ദുൾഖാദർ.ടി.പി | സെക്രട്ടറി | 23-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ. ജൂംജുമി. പി. എ. | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ:മിഥുൻ.പി.കെ | മെഡിക്കൽ ഓഫീസർ,ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ:അനുഷ.ഇ.വി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ:ജ്യോതിസ്.വി.പി | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീ.വീജീഷ്.പി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി.ഡാലിയ സ്റ്റീഫൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.നിഷാരാജൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനുഷ അൻവർ | കൃഷി ഓഫീസർ-അഡീഷണൽ ചാർജ് | 01-04-2022 | 31-03-2023 |
| ശ്രീ.ഉല്ലാസൻ.സി.പി | അസിസ്റ്റന്റ് എൻജിനീയർ | 01-04-2022 | 30-04-2022 |
| ശ്രീമതി.ശിൽപ്പ.കെ.പി | അസിസ്റ്റന്റ് എൻജിനീയർ -അഡീഷണൽ ചാർജ് | 01-05-2022 | 10-07-2022 |
| ശ്രീ.ശ്രീരാഗ്.എം | അസിസ്റ്റന്റ് എൻജിനീയർ-അഡീഷണൽ ചാർജ് | 11-07-2022 | 25-07-2022 |
| ശ്രീ.മനോഹരൻ.ഇ | അസിസ്റ്റന്റ് എൻജിനീയർ | 26-07-2022 | 30-11-2022 |
| ശ്രീ.അരവിന്ദ്.ഇ.എൻ | അസിസ്റ്റന്റ് എൻജിനീയർ-അഡീഷണൽ ചാർജ് | 01-12-2022 | 09-12-2022 |
| ശ്രീമതി.ശിൽപ്പ.കെ.പി | അസിസ്റ്റന്റ് എൻജിനീയർ | 10-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-1 |
| 3 | മുഴുവൻ വാഹനങ്ങളുടേയും  മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-4 |
| 6 | വായ്പ തുക അധികമായി ഈടാക്കിയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-5 |
| 7 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | ബജറ്റ് ഡോക്യുമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. | 1-2-1 |
| 10 | വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല. | 1-2-2 |
| 11 | സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 12 | ഫണ്ട് വിനിയോഗം | 1-4 |
| 13 | പദ്ധതി അവലോകനം | 1-5 |
| 14 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 15 | ക്ഷേമ പദ്ധതികൾ | 1-7 |
| 16 | ക്ഷേമ പെൻഷൻ-സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ഗുണഭോക്താവിന് നൽകിയ ₹64100 തിരികെ ഈടാക്കിയിട്ടില്ല. | 1-7-1 |
| 17 | ക്യാഷ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 20 | ഗ്രാമസഭ | 1-11 |
| 21 | തൊഴിൽ നികുതി ഈടാക്കിയില്ല.പഞ്ചായത്തിന് വരുമാന നഷ്ടം | 1-12 |
| 22 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല-₹47700 ഈടാക്കേണ്ടതാണ്. | 1-13 |
| 23 | മിനി വ്യവസായ കേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സ്ഥലം-ലീസ് കാലാവധി | 1-14 |

| | | |
|---|---|---|
| | കഴിഞ്ഞിട്ടും സ്ഥലം തിരികെ ലഭ്യമാക്കിയില്ല. | |
| 24 | ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല. | 1-15 |
| 25 | തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം. | 1-16 |
| 26 | ആവശ്യമില്ലാത്ത കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക നൽകിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല.₹1,51,000 തടസ്സപ്പെടുത്തുന്നു | 1-17 |
| 27 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയതിനുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹60000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 28 | ജി ഐ എസ് സർവ്വെ പൂർത്തീകരണം-പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. | 1-19 |
| 29 | ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.₹29248യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 30 | എ.ബി.സി. പദ്ധതിക്ക് തുക കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.₹105000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| 31 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.₹107099യുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-22 |
| 32 | ഗവ.ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തിക്ക് തുക ചെലവഴിച്ചു-₹1930 തടസ്സപ്പെടുത്തുന്നു | 1-23 |
| 33 | മൺചട്ടി പച്ചക്കറി കൃഷി-ടെറസ്സിലും മുറ്റത്തും-വിതരണം ചെയ്ത മൺചട്ടികളുടേയും പച്ചക്കറി തൈകളുടേയും വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹629200 തടസ്സപ്പെടുത്തുന്നു | 1-24 |
| 34 | പരിശോധനാ റിപ്പോർട്ട്,വാല്വേഷൻ റിപ്പോർട്ട്, ശിപാർശ എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. | 1-25 |
| 35 | അടുക്കള മുറ്റത്തെ കോഴി വളർത്തൽ-സബ്സിഡി മാർഗ്ഗരേഖ,യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് തുക നൽകിയത്-ചെലവ് തുക ₹9150 തടസ്സപ്പെടുത്തുന്നു | 1-26 |
| 36 | കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു. | 1-27 |
| 37 | കുടുംബാരോഗ്യകേന്ദ്രം വളപട്ടണം-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച. | 1-28 |
| 38 | എസ്.എസ്.കെ വിഹിതം- ₹1914420യുടെ കുടിശ്ശിക | 1-29 |
| 39 | നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചു വരുന്നു-പുനരുജ്ജീവന നടപടികൾ | 1-30 |

| | | |
|---|---|---|
| | സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതര വീഴ്ച | |
| 40 | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. | 1-31 |
| 41 | ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഗ്രാമപഞ്ചായത്ത്തല അവലോകനം | 1-32 |
| 42 | പൊതുമരാമത്ത് പ്രവൃത്തികളിലെ മോണിറ്ററിംഗ്,ഗുണനിലവാരപരിശോധന-പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല. | 1-33 |
| ഭാഗം **2** | | |
| 1 | എഫ് ടി ഇ & ഒ എസ് ലൈസൻസ്-മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല-₹47700 ഈടാക്കേണ്ടതാണ്. | 2-1 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ . | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്. | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 30.06.23 തീയതിയിലെ 118/23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 30-06-2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

കണ്ണൂർ,

19.10.2023.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

### 1-1-1 സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -നീക്കിയിരിപ്പ് ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് പാസ് ബുക്ക് ബാലൻസും (5832277/-) ബാങ്ക് റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പാസ് ബുക്കിന്റേതായി ചേർത്തിരിക്കുന്ന ബാലൻസും (5828697/-) തുല്യമല്ല.

| വാർഷിക ധനകാര്യപത്രിക പ്രകാരം 31-03-2023 നീക്കിയിരിപ്പ് തുക | പാസ് ബുക്ക് പ്രകാരം 31-03-2023 നീക്കിയിരിപ്പ് തുക |
|---|---|
| 58,28,697 | 58,32,277 |

### 1-1-2 മുഴുവൻ വാഹനങ്ങളുടേയും മൂല്യം വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള മൂന്ന് വാഹനങ്ങളിൽ ഒരു വാഹനത്തിന്റെ ആസ്തിമൂല്യം മാത്രമേ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളു. ഗുഡ്സ് ഓട്ടോറിക്ഷ (KL-13W.398), ജീപ്പ് (KL-13R.3660) എന്നിവയുടെ മൂല്യം ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1164155യാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1325069 യാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-4 കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

കാലികമാക്കിയ ആസ്തിരജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ വാർഷിക ധനകാര്യപത്രികയിലെ B-11 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ ആസ്തിയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-5 വായ്പ തുക അധികമായി ഈടാക്കിയത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വായ്പ ഇനത്തിൽ അധികമായി ഈടാക്കിയ ₹27899 (സ്രോതസ്സിൽ നിന്ന് കുറവ് ചെയ്തത്) വാർഷിക ധനകാര്യ പത്രികയിലെ ബി-5, ബി-15 ഷെഡ്യൂളുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി തുക ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലും സുലേഖ ചെലവ് സ്റ്റേറ്റ്മെന്റിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല.

1. തൻവർഷത്തെ പ്രവർത്തന ഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുന്ന ബി-1 ഷെഡ്യൂൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.

2. 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
3. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(3) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-2 ബജറ്റ്

ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 22-03-2022 തീയതിയിലെ യോഗത്തിലെ 29/22 നമ്പർ തീരുമാന പ്രകാരമുള്ള ബജറ്റ് ശുപാർശകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള കരട് ബജറ്റ് 25-03-22 തീയതിയിൽ രാവിലെ ചേർന്ന പ്രത്യേക യോഗത്തിൽ അവതരിപ്പിക്കുകയും (തീരുമാനം നമ്പർ-01/22) 26-03-22 തീയതിയിൽ ചേർന്ന ഭരണസമിതിയുടെ സാധാരണ യോഗത്തിൽ 01/22 നമ്പർ തീരുമാന പ്രകാരം (അജണ്ട-1) ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയുമുണ്ടായി. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 18/03/2023 തീയതിയിലെ യോഗത്തിലെ 26/23 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കുന്നതുമായി ബന്ധപ്പെട്ട ശുപാർശ നൽകുകയും ഭരണസമിതിയുടെ 21-03-2023 തീയതിയിലെ സാധാരണ യോഗത്തിൽ 52/23 നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 8843540 | 24340066 |
| വരവ് | 70688095 | 50768530 |
| ആകെ | 79531635 | 75108596 |
| ചെലവ് | 68576840 | 68621539 |

| | | |
|---|---|---|
| നീക്കിയിരിപ്പ് | 10954795 | 6487057 |

ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പം (₹8843540) പുതുക്കിയ ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പം (₹24340066) തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ കാരണം ബജറ്റ് ഫയലിൽ നിന്നും വ്യക്തമല്ല.

## 1-2-1 ബജറ്റ് ഡോക്യൂമെന്റുകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യൂമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് കുറിപ്പുകൾ
2. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും
3. പെർഫോമൻസ് ബജറ്റ്
4. ജെൻഡർ ബജറ്റ്
5. ബജറ്റ് പ്രസംഗം

എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ മേൽ സൂചിപ്പിച്ച രേഖകൾ പ്രത്യേകം ബജറ്റ് ഡോക്യൂമെന്റുകൾ ആയി സൂക്ഷിച്ചിട്ടില്ല.

## 1-2-2 വരുമാനവർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നില്ല.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തയ്യാറാക്കുന്ന ബജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. വർദ്ധിച്ച് വരുന്ന ചെലവും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് അധിക വിഭവസമാഹരണത്തിനുതകുന്ന ക്രിയാത്മക നിർദ്ദേശങ്ങൾ ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച ന്യൂനതകൾ ആവർത്തിക്കാതിരിക്കുവാനും ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തീയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങളും മറ്റും പാലിക്കുവാനും ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-3 സാമ്പത്തിക വിശകലനം (റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16849960 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 68938743 |
| ആകെ | 85788703 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70102898 |
| നീക്കിയിരിപ്പ് | 15685805 |
| വരവിനങ്ങളിലുള്ള നഷ്ടം | 47700 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1142627 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 6250744 | 6250744 | 6216314 | 34430 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 389000 | 389000 | 255961 | 133039 |
| സംരക്ഷണ ഗ്രാന്റ് റോഡ് (ACR പ്രകാരം) | 0 | 797500 | 797500 | 728641 | 68859 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ്-റോഡിതരം (ACR പ്രകാരം) | 0 | 3087000 | 3087000 | 1226749 | 1860251 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് ഗ്രാന്റ് | 2125000 | 2201000 | 4326000 | 44333 | 4281667 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺടൈഡ്-ബേസിക്ക് | 28098 | 1568932 | 1597030 | 50000 | 1547030 |
| ടോട്ടൽ സാനിറ്റേഷൻ കാംപെയ്ൻ | 345533 | 12769 | 358302 | 0 | 358302 |
| ഐസിഡിഎസ്-കേന്ദ്രവിഹിതം | 561226 | 451126 | 1012352 | 240539 | 771813 |
| എം പി ഫണ്ട് | 2404 | 67 | 2471 | 94 | 2377 |
| ലൈബ്രറി ഗ്രാന്റ് | 50146 | 10000 | 60146 | 48388 | 11758 |
| സാക്ഷരത | 1072 | 43 | 1115 | 0 | 1115 |
| പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് | 389330 | 300569 | 689899 | 367668 | 322231 |
| ഹെൽത്ത് ഗ്രാന്റ് ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 87717 | 87717 | 86510 | 1207 |
| ഹെൽത്ത് ഗ്രാന്റ് – പി.എച്ച്.സി.കളെ വെൽനസ് ഗ്രാന്റാക്കി ഉയർത്തുന്നതിന് | 0 | 55744 | 55744 | 40516 | 15228 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | പൂർത്തീകരിച്ചത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 159 | 54599878 | 91 | 18547003 | 16 | 75 | 68 | 47.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 1096889 | 1096889 | 100 |
| വെറ്റിനറി സർജൻ | 5 | 5 | 563950 | 548166 | 97.20 |
| മെഡിക്കൽ ഓഫീസർ-എഫ് എച്ച് സി | 14 | 14 | 2395615 | 1654534 | 69.07 |
| മെഡിക്കൽ ഓഫീസർ – ഹോമിയോ | 2 | 2 | 410000 | 409999 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 3 | 3 | 395300 | 367833 | 93.05 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 9 | 9175080 | 4003434 | 43.63 |
| ഐസിഡിഎസ് സൂപ്പർവൈസർ | 6 | 6 | 1800050 | 1540872 | 85.60 |
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 44 | 21 | 13245157 | 3018149 | 22.79 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 60 | 18 | 24670263 | 5468525 | 22.17 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 9 | 9 | 847574 | 438602 | 51.75 |
| ആകെ | 159 | 91 | 54599878 | 18547003 | 33.97 |

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 397336 | 397336 | 397336 | 0 |

2021-22 വർഷത്തെ MNREGS ചെലവ് തുകയായ ₹4,25,015 Prior Period Income ആയി AFS ൽ ചേർത്തിട്ടുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക ₹ |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 2 | 32000 |
| വിധവാ പെൻഷൻ | 260 | 4212600 |
| വാർദ്ധക്യകാല പെൻഷൻ | 602 | 8841600 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 100 | 1692600 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 8 | 133000 |

### 1-7-1 ക്ഷേമ പെൻഷൻ-സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ഗുണഭോക്താവിന് നൽകിയ ₹64100 തിരികെ ഈടാക്കിയിട്ടില്ല.

വളപട്ടണം ഗ്രാമപഞ്ചായത്തിലെ വാർദ്ധക്യകാല പെൻഷൻ ഗുണഭോക്താവായിരുന്ന ശ്രീമതി.റുഖിയ കെ.എൽ സർവീസ് പെൻഷൻ/ഫാമിലി പെൻഷൻ ഗുണഭോക്താവായിരുന്നതിനാൽ 2016 ഏപ്രിൽ മുതൽ 2020 ഏപ്രിൽ വരെ കൈപ്പറ്റിയ ₹64100 തിരികെ ഈടാക്കാൻ എ4/886/21 തി:25.3.21 നമ്പർ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെട്ടു. എന്നാൽ പ്രസ്തുത തുക നാളിതുവരെയായി തിരികെ ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFSC Code: KSBK 0000101) തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്. അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റിയത് തിരിച്ചടക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ധനവകുപ്പിന്റെ

23.01.2020ലെ സർക്കുലർ 07/20 ഖണ്ഡിക 7ലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-09-2023 തീയതിയിൽ 02.57 Pm ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1830യുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു. ഗ്രാമപഞ്ചായത്തിന്റെ ഇംപ്രസ്റ്റ് രജിസ്റ്റർ പ്രകാരമുള്ള കാഷ് നീക്കിയിരിപ്പ് ₹200 ഉൾപ്പെടെ (ബാലൻസ് ഷീറ്റ് ബി.18 ഷെഡ്യൂൾ കോഡ്-460100102 കാണുക) ആകെ കാഷ് നീക്കിയിരിപ്പ് ₹2030യാണ്.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. പൊതുഭരണവും വിവിധ മേഖലകളിലെ പ്രവർത്തനവും അവലോകനം നടത്തിയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് കാണുന്നു.

നികുതി നികുതിയേതര വരുമാനങ്ങൾ ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. എഫ്.ടി ഇ & ഒ എസ് ലൈസൻസ് ഫീസ് മൂലധനനിക്ഷേപം രേഖപ്പെടുത്തിയതിലും ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. ഇത്തരം അപാകങ്ങൾ മുൻവർഷങ്ങളിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകങ്ങൾ പരിഹരിക്കുന്നതിന് സാധിച്ചിട്ടില്ലെന്ന് കാണുന്നു. തൊഴിൽ നികുതിയിനത്തിൽ തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. പദ്ധതിചെലവുകളുമായും മറ്റ് ചെലവുകളുമായും ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ, വിവിധ സ്റ്റോക്ക് രജിസ്റ്ററുകൾ, മിനിട്സ് എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഇൻകുംബൻസി രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ/ റിക്കവറി രജിസ്റ്റർ എന്നിവ സമ്പൂർണ്ണമാക്കി സൂക്ഷിക്കാത്തത് അപാകമാണ്. ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകൾ വഴി ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചുമതലാ ക്രമീകരണങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് വർഷം സ്റ്റാഫ് മീറ്റിംഗുകൾ (05/22, 06/22,10/22 മാസങ്ങളിലൊഴികെ) ചേരുകയും സുഗമമായ ഓഫീസ് പ്രവർത്തനത്തിനുതകുന്നിനുള്ള തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ഇതേ വരെ ആരംഭിക്കുവാൻ സാധിച്ചിട്ടില്ലെന്നത് അപാകമാണ്. വർദ്ധിച്ച് വരുന്ന നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് നിരന്തരം വീഴ്ച വരുത്തിയിട്ടുണ്ട്. സ്ഥായിയായ വരുമാനം ലഭിക്കുന്നതും മാലിന്യ നിർമ്മാർജ്ജന രംഗത്തും വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ ആസ്തികൾ ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ നശിച്ചു പോകുന്നതായി കണ്ടെത്തുകയുണ്ടായി. മാത്രവുമല്ല, ഉപയോഗ ശൂന്യമായ ജീപ്പ്, മറ്റ് ആസ്തികൾ എന്നിവ ലേലം ചെയ്ത് കൈയൊഴിയുന്നതിലും വീഴ്ച വരുത്തി.

പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അനുമതിയില്ലാത്ത നിർമ്മാണവും വിപുലീകരണവും ക്രമവൽക്കരണം നടത്തി വസ്തുനികുതിയും ക്രമവൽക്കരണ ഫീസും ഈടാക്കുന്നുണ്ട്. എന്നാൽ ഇത്തരം അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ യഥാസമയം തന്നെ കണ്ടെത്തി റിപ്പോർട്ട് ചെയ്ത് തുടർ നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടില്ല. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കുന്നില്ല.

തൊഴിൽ നികുതി ഡാറ്റാബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും പേര് വിവരങ്ങളും തസ്തികകളും ഉൾപ്പെടുത്തിയ രജിസ്റ്റർ) തയ്യാറാക്കുന്നിലെ വീഴ്ച മൂലം തൊഴിൽ നികുതി ചുമത്തുന്നതിൽ നിന്ന് സ്ഥാപനങ്ങളും ജീവനക്കാരും ഒഴിവായിട്ടുണ്ട്. ഇക്കാരണത്താൽ നികുതി ചോർച്ചയുണ്ടാകുന്നത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ അനുവദിക്കുന്ന വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട് എന്നിവയുടെ വിനിയോഗത്തിലുണ്ടായ കുറവ് മൂലം ഗ്രാമപഞ്ചായത്തിന് ഫണ്ട് ലാപ്സായിട്ടുണ്ട്. ഇപ്രകാരം ഫണ്ട് ലാപ്സാകുന്നത് ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് നടത്തുന്നതിൽ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാന്റിംഗ് കമ്മിറ്റികളും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

മേൽ അപാകതകൾ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

എ) നികുതികൾ, നികുതിയേതര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിയമത്തിലും ചട്ടത്തിലും

നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

ബി) കെട്ടിട നിർമ്മാണം, മാലിന്യസംസ്കരണം, ഡി&ഒ ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്വം നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

സി) വരുമാനവും വിവിധ നിയന്ത്രണ സംവിധാനങ്ങളും വിലയിരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡി) പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പു വരുത്തേണ്ടതാണ്.

ഇ) വാർഷിക കണക്കുകൾ പ്രകാരം റവന്യൂ വരവിനെക്കാൾ റവന്യൂ ചെലവ് കൂടി വരുന്ന സാഹചര്യവും നിലവിലെ സാമ്പത്തിക സ്ഥിതിയും കണക്കിലെടുത്ത് ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി പ്രതിമാസ വരവുചെലവു കണക്ക് അംഗീകരിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രതിമാസ റവന്യൂ വരവ്-ചെലവ് പരിശോധന നടത്തേണ്ടതും സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ്) തനത് വരുമാനവർദ്ധനവിനുതകുന്ന എല്ലാ സ്രോതസ്സുകളും പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) തൊഴിൽ നികുതി ഡാറ്റാ ബേസ് (തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളുടെയും പേര് വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ) തയ്യാറാക്കേണ്ടതാണ്.

മേൽ പരാമർശിച്ച അപാകങ്ങൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണസംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

പെർഫോമൻസ് ഓഡിറ്റിന്റെ ഭാഗമായുള്ള ഏറ്റവും ഒടുവിലത്തെ (ഒക്ടോബർ-ഡിസംബർ 2022) റുട്ടീൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 3 പരാമർശങ്ങൾ തീർപ്പാക്കുവാൻ ബാക്കിയുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ (01-04-2017 തീയതി മുതൽ 28-02-2022 തീയതി വരെയുള്ളത്) പരാമർശങ്ങൾ മുഴുവൻ (I-VI) തീർപ്പാക്കുവാൻ ബാക്കിയുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-11 ഗ്രാമസഭ

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്നിട്ടുണ്ട്. 2022 മെയ്, ആഗസ്റ്റ്, ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി രൂപീകരണം, അവലോകനം, ലൈഫ് പദ്ധതി 2020 ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കൽ, 2022-23 വാർഷിക പദ്ധതി ഗുണഭോക്തൃ ലിസ്റ്റ് അന്തിമമാക്കൽ, വാർഷിക പദ്ധതി അവലോകനം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ലേബർ ബജറ്റ്, ആക്ഷൻ പ്ലാൻ അംഗീകരിക്കൽ, വാതിൽപ്പടി സേവനം മുതലായവ ഗ്രാമസഭയിലെ പ്രധാന അജണ്ടകളായി ഉൾപ്പെടുത്തുകയുണ്ടായി.

## 1-12 തൊഴിൽ നികുതി ഈടാക്കിയില്ല.പഞ്ചായത്തിന് വരുമാന നഷ്ടം

2022-23 വർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പ്രകാരം താഴെക്കൊടുത്തിരിക്കുന്നവരിൽ നിന്ന് തൊഴിൽ നികുതി ഡിമാൻഡ് ചെയ്തിട്ടില്ല.

1. കടവ് തൊഴിലാളികളിൽ നിന്ന് രണ്ടാം അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

അഴീക്കൽ പോർട്ടിന്റെ കീഴിലുള്ള ജാസ് കടവ്, വിന്നർ കടവ്, സി എൻ കടവ് എന്നീ കടവുകളിലുള്ള മണൽ വാരൽ തൊഴിലാളികൾ (111), മണൽ കടത്ത് തൊഴിലാളികൾ (27), ലോഡിംഗ് തൊഴിലാളികൾ (81) എന്നിവരിൽ നിന്നും ഒന്നാം അർദ്ധ വർഷം തൊഴിൽ നികുതി ഇനത്തിൽ ₹95320 ഈടാക്കിയിട്ടുണ്ട്. മണൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും അഴീക്കൽ പോർട്ടിൽ നിന്ന് 31.01.23 വരെ മാന്വൽ ഡ്രഡ്ജിംഗ് വഴി മണൽ വിൽപന നടത്തിയിട്ടുണ്ട്. അതായത് രണ്ടാം അർദ്ധവർഷം നാലുമാസം ജീവനക്കാർ പഞ്ചായത്ത് പരിധിയിൽ തൊഴിൽ എടുത്തിട്ടുണ്ട്. എന്നാൽ രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കുകയോ തൊഴിലാളികൾക്ക് ഡിമാൻഡ് നോട്ടീസ് അയയ്ക്കുകയോ ചെയ്തിട്ടില്ല.

2. കളരിവാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

3. അക്ഷയ സെന്റർ (ഉടമ-എ.പി.അബ്ദുൾ സത്താർ, കെട്ടിട നം.12/176) 2022-23 സാമ്പത്തിക വർഷം സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

മേൽ അപാകം ചൂണ്ടിക്കാണിച്ച് നൽകിയ എൻക്വയറിക്ക് (28/30.9.23) മറുപടിയായി കടവിൽ ജോലി ചെയ്യുന്നത് അന്യസംസ്ഥാന തൊഴിലാളികൾ ആയിരുന്നെന്നും ജനവരി 2023 ന് കടവ് പ്രവർത്തനം നിർത്തിയതിനാൽ ഇവരെല്ലാം സ്വന്തം നാട്ടിലേക്ക് തിരിച്ച പോയെന്നും ഇനി കടവിന്റെ പ്രവർത്തനം ആരംഭിക്കുന്ന മുറയ്ക്ക് തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കളരിവാതുക്കൽ ക്ഷേത്രത്തിലേ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി, അക്ഷയ സെന്ററിന്റെ 2022-23 വർഷത്തെ സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ചവരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 എഫ് ടി ഇ & ഒ എസ് ലൈസൻസ്-മൂലധന നിക്ഷേപത്തിന് ആനുപാതികമായി ലൈസൻസ് ഫീസ് ഈടാക്കിയില്ല-₹47700 ഈടാക്കേണ്ടതാണ്.

വളപട്ടണം ഗ്രാമപഞ്ചായത്തിലെ ഉൽപ്പാദന മേഖലയിലെയും സേവന മേഖലയിലെയും സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ലാബുകളായി തിരിച്ചാണ് എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഈടാക്കി വരുന്നത് (23.04.2018 ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 16/98 നമ്പർ തീരുമാന പ്രകാരം). ഇത് പ്രകാരം സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് നിശ്ചയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| മൈക്രോ സംരംഭങ്ങൾ | | | |
|---|---|---|---|
| ഉത്പാദന മേഖല | ഫീസ് ₹ | സേവന മേഖല | ഫീസ് ₹ |
| 50000 രൂപ വരെ | 100 | 25000 രൂപ വരെ | 100 |
| 50001 മുതൽ 1 ലക്ഷം വരെ | 200 | 25001 മുതൽ 1 ലക്ഷം വരെ | 200 |
| 100001 മുതൽ 2 ലക്ഷം വരെ | 300 | 100001 മുതൽ 2 ലക്ഷം വരെ | 300 |
| 200001 മുതൽ 5 ലക്ഷം വരെ | 350 | 200001 മുതൽ 3 ലക്ഷം വരെ | 400 |
| 500001 മുതൽ 10 ലക്ഷം വരെ | 400 | 300001 മുതൽ 10 ലക്ഷം വരെ | 500 |
| 1000001 മുതൽ 25 ലക്ഷം വരെ | 500 | | |
| മിനി സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് | സേവന മേഖല | ഫീസ് |
| 2500001 മുതൽ 1 കോടി വരെ | 1000 | 1000001 മുതൽ 50 ലക്ഷം വരെ | 1000 |
| ചെറുകിട സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് | സേവന മേഖല | ഫീസ് |
| 10000001 മുതൽ 5 കോടി വരെ | 5000 | 5000001 മുതൽ 2 കോടി വരെ | 5000 |
| ഇടത്തരം സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് | സേവന മേഖല | ഫീസ് |
| 50000001 മുതൽ 10 കോടി വരെ | 10000 | 20000001 മുതൽ 5 കോടി വരെ | 10000 |
| വൻകിട സംരംഭങ്ങൾ | | | |
| ഉത്പാദന മേഖല | ഫീസ് | സേവന മേഖല | ഫീസ് |
| 100000000 രൂപക്ക് മുകളിൽ | 15000 | 50000001 രൂപക്ക് മുകളിൽ | 15000 |

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചപ്പോൾ, ചുവടെ ചേർത്ത സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണെന്ന് കാണാൻ സാധിച്ച.

| ക്രമ നം. | രജിസ്റ്ററിലെ ക്രമ നം. | ലൈസൻസിയുടെ പേര്/ സംരംഭം/ മേഖല | വാർഡ്/ കെട്ടിട നം. | അന്വേഷണ റിപ്പോർട്ട് പ്രകാരമുള്ള മൂലധന നിക്ഷേപം | ഈടാക്കിയ ലൈസൻസ് ഫീസ് | ഈടാക്കേണ്ടിയിരുന്ന ലൈസൻസ് ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | 8 | നിഖിൽ പി./ വീനസ് എന്റർ പ്രൈസസ്/ സേവന മേഖല | 8/28 | 75,00,000 | 121020102369/ 24.2.22 ₹1000 121020100571/ 23.8.22 ₹1000 ആകെ ₹2000 | 5000 | 3000 |
| 2 | 12 | ടി.പി.ഹനീഫ / പ്രൈം പ്ലൈ ഇൻഡസ്ട്രീസ് ലിമിറ്റഡ്/ ഉത്പാദന മേഖല | 1/182 | 1,10,00,000 | ₹2000 121020102399/ 24.2.22 (5 വർഷ ത്തേക്ക് ₹10000 വാങ്ങി) | 5000 | 3000 |
| 3 | 13 | ടി.പി.ഹനീഫ / പ്രൈം പ്ലൈ ഇൻഡസ്ട്രീസ് ലിമിറ്റഡ്/ സേവന മേഖല | 1/186 | 2000000 | ₹500 121020102401/ 24.2.22 | 1000 | 500 |
| 4 | 47 | സുജയ സദാനന്ദൻ/ അർജ്ജുൻ ഗ്യാസ് ഏജൻ സീസ്/ സേവനമേഖല | 8/27 | 2,00,00,000 | ₹3000 121020102545/ 7.3.22 | 5000 | 2000 |
| 5 | 53 | മുഹമ്മദ് റിയാദ്/ അൽറാസ് ട്രേഡേഴ്സ്/ സേവനമേഖല | 1/96 | 20,00,000 | ₹500 121020102573/ 8.3.22 | 1000 | 500 |
| 6 | 67 | യു.മൻസൂർ അഹമ്മദ്/ സിമന്റ് വിൽപന/ സേവനമേഖല | 10/146 | 75,00,000 | ₹2000 121020102614/ 9.3.22 | 5000 | 3000 |
| 7 | 68 | യു.മൻസൂർ അഹമ്മദ്/ സിമന്റ് വിൽപന/ സേവന മേഖല | 10/180 | 75,00,000 | ₹2000 121020102616/ 09.03.22 | 5000 | 3000 |
| 8 | 78 | സമീർ ജാസ്/ അരി ധാന്യങ്ങൾ വിൽപന/ സേവന മേഖല | 9/189 | 75,00,000 | ₹1000 121020102649/ 11.3.22 | 5000 | 4000 |
| 9 | 79 | അയൂബ് കെ.പി/ പെട്രോളിയം ഉൽപന്നങ്ങൾ വിൽപന/ സേവന മേഖല | 12/211 | 2,00,00,000 | ₹4000 121020102650/ 11.3.22 | 5000 | 1000 |
| 10 | 89 | കെ.പി.സന്തോഷ്/ പെട്രോളിയം ഉൽപന്നങ്ങൾ വിൽപന/സേവന മേഖല | 9/152,155 | 2,00,00,000 | ₹4000 121020102699/ 15.3.22 | 5000 | 1000 |
| 11 | 100 | സുനീഷ് ബാബു പി.പി./ പെട്രോ ളിയം ഉൽപ്പ ന്നങ്ങൾ വിൽപന/ സേവനമേഖല | 9/167 | 2,00,00,000 | ₹4000 121020102739/ 17.3.22 | 5000 | 1000 |
| 12 | 107 | ജൗഹർ ഹം, ഓട്ടോ മോബൈൽ സ്പെയർ പാർട്സ് വിൽപ്പന/ സേവനമേഖല | 10/43 | 75,00,000 | ₹1000 121020102746/ 17.3.22 | 5000 | 4000 |
| 13 | 121 | മുസ്തഫ ടി/ സ്റ്റേഷനറി കച്ചവടം/ സേവന മേഖല | 10/228 | 40,00,000 | ₹300 121020102852/ 24.3.22 | 1000 | 700 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 14 | 140 | എച്ച്. ഗജാനനൻ കമ്മത്ത്/ MGM ട്രേഡിംഗ് കമ്പനിയുടെ ഓഫീസ്/ സേവനമേഖല | 1/6 | 1,00,00,000 | ₹2000 121020102944/ 31.3.22 | 5000 | 3000 |
| 15 | 141 | എച്ച്. ഗജാനനൻ കമ്മത്ത്/ MGM ട്രേഡിംഗ് കമ്പനിയുടെ ഓഫീസ്/ സേവന മേഖല | 8/7 | 75,00,000 | ₹2000 121020102946/ 31.3.22 | 5000 | 3000 |
| 16 | 155 | മുഹമ്മദ് റയീസ്/ ഇലക്ട്രിക്കൽ, പ്ലംബിംഗ്, ഹാർഡ് വെയർ വിൽപന/ സേവന മേഖല | 1/165 | 20,00,000 | ₹500 121020102977/ 31.3.22 | 1000 | 500 |
| 17 | 161 | വെസ്റ്റേൺ ഇൻഡ്യ പ്ലൈവുഡ് ലിമിറ്റഡ് ക്യാന്റീൻ/ സേവനമേഖല | 1/221 | 15,00,000 | ₹500 121020500121/ 16.3.22 | 1000 | 500 |
| 18 | 164 | ടി.പി.ഹനീഫ/ വിനീർ പ്ലൈവുഡ് സ്റ്റോക്ക് ചെയ്ത് വിൽപന/ സേവനമേഖല | 5/208U | 75,00,000 | ₹2000 121020500133/ 25.3.22 | 5000 | 3000 |
| 19 | 165 | ടി.പി.ഹനീഫ/ വിനീർ പ്ലൈവുഡ് സ്റ്റോക്ക് ചെയ്ത് വിൽപന/ സേവനമേഖല | 5/112 | 75,00,000 | ₹4000 121020500135/ 25.3.22 | 5000 | 1000 |
| 20 | 195 | അഗ്രീൻകോ ഫൈബർ ഫോം ലിമിറ്റഡ്/ റബ്ബറൈസ്ഡ് കയർ ഉൽപന്നങ്ങൾ നിർമ്മാണം/ ഉൽപാദനമേഖല | 9/204-211,10/ 137,137E | 2,60,00,000 (അപേക്ഷകൻ 4 കോടി രേഖപ്പെടുത്തി) | ₹4000 1220100961/ 28.4.22 | 5000 | 1000 |
| 21 | 226 | സമീർ പി/ ടൈൽസ് സ്റ്റോക്ക് ചെയ്ത് വിൽപന/ സേവന മേഖല | 2/7 | 4,00,00,000 | ₹5000 1220100369/ 22.6.22 | 10000 | 5000 |
| 22 | 246 | അബ്ദുൾ അസീസ്/ സ്റ്റോൺ വിൽപന/ സേവന മേഖല | 9/141 | 75,00,000 | ₹2000 1220100597/ 27.8.22 | 5000 | 3000 |
| 23 | 247 | മുഹമ്മദ് ഷെരീഫുൾ മദനി കെ.എൻ./ ഗ്രോസറി വിൽപന/ സേവന മേഖല | 7/177ABCD | 1,00,00,000 | ₹4000 1220100669/ 2.9.22 | 5000 | 1000 |
| | | | | | | ആകെ | 47700 |

ലൈസൻസ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയത് സംബന്ധിച്ചും മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രസ്തുതവിഷയം സംബന്ധിച്ച് പരാമർശിച്ചിട്ടും ഇക്കാര്യത്തിൽ തുടർച്ചയായി വീഴ്ച വരുത്തുന്നത് സംബന്ധിച്ചും മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (25/29.9.23) കുറവ് വന്ന തുക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഇനത്തിൽ കുറവ് വന്ന ₹47700 ഈടാക്കേണ്ടതാണ്. വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും മൂലധനനിക്ഷേപം കൃത്യമായി നിശ്ചയിച്ച് 23.04.2018ലെ പഞ്ചായത്ത് ഭരണസമിതി യോഗത്തിലെ 16/98 നമ്പർ തീരുമാന പ്രകാരമുള്ള നിരക്കിൽ എഫ് ടി ഇ & ഒ എസ് ലൈസൻസ് ഫീസ് ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-14 മിനി വ്യവസായ കേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സ്ഥലം-ലീസ് കാലാവധി കഴിഞ്ഞിട്ടും സ്ഥലം തിരികെ ലഭ്യമാക്കിയില്ല.

വളപട്ടണം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീ.സ.28/1,28/2 ൽ ഉൾപ്പെട്ട സ്ഥലത്ത് പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 2/196 മുതൽ 208 വരെ നമ്പറിട്ട മിനി വ്യവസായ കേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സ്ഥലം വർഷങ്ങൾക്കു മുൻപ് പൊതുമേഖലാ സ്ഥാപനമായ സിഡ്കോയ്ക്ക് ലീസിന് നൽകിയതാണ്. ലീസ് കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലമോ അതിലെ ചമയങ്ങളോ സിഡ്കോ തിരികെ നൽകാത്തതിനാൽ പ്രസ്തുത സ്ഥലം തിരികെ ലഭ്യമാക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് (ഭരണ സമിതി തീരുമാനം നം.8/1 തീയതി:20.09.21). ലീസ് കാലാവധി അവസാനിച്ച വർഷം, സ്ഥലം ലീസിന് നൽകിയ വകയിൽ നിലവിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന വരുമാനം, ഭരണസമിതി തീരുമാനത്തെത്തുടർന്ന് സ്ഥലം തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർനടപടികൾ എന്നിവ ആരാഞ്ഞു കൊണ്ട് നൽകിയ എൻക്വയറിക്ക് (26/29.9.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത സ്ഥലം തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദ വിവരങ്ങൾ അറിയിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടില്ല.

28-09-13-ലെ ജി.ഒ.(എം.എസ്)318/2013/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും, ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുവാനും നിർദ്ദേശിച്ചിരുന്നു. ഇപ്രകാരം ക്രെഡിറ്റ് ചെയ്യപ്പെട്ട ടെണ്ടർ ഫീസ് ഇനത്തിലെ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയാണ് ആദ്യഘട്ടത്തിൽ ചെയ്തിരുന്നത്. പിന്നീട് നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ തന്നെ നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ ഇ-ടെണ്ടർ മുഖേനയുള്ള (2022-23 വർഷം മുതൽ) ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് നിലവിലുണ്ട് (അക്കൗണ്ട് നമ്പർ-37914072135). എന്നാൽ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുകയൊന്നും തന്നെ 2022-23വർഷത്തിൽ പ്രസ്തുത അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല. സാങ്കേതിക കാരണങ്ങളാൽ 2022-23 വർഷത്തിൽ ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക ക്രെഡിറ്റായിട്ടില്ലെന്നും ആയതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/20-09-2023) അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി.

ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും ഇ-ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ₹68138 ലഭിക്കുവാൻ ഇപ്പോഴും ബാക്കിയുണ്ട് (AE/LID&EW/VPM/23-24തീയതി 25-07-2023 കത്ത് പ്രകാരം). തുക ലഭിക്കുന്നതിന് കത്ത് നൽകിയെങ്കിലും ലഭിച്ചിട്ടില്ല. ഇ-ടെണ്ടർ ഫീസിനത്തിലുള്ള തുക മുഴുവൻ ലഭിക്കുന്നതിനും ആയത് ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്. തുടർനടപടി സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-16 തനത് വരുമാനം-ഗ്രാമപഞ്ചായത്തിലെ നിലവിലെ സ്ഥിതി സംബന്ധിച്ച പൊതു അവലോകനം.

വസ്തു നികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ, മണൽ ഖനനത്തിന്റെ ഭാഗമായി പോർട്ടിൽ നിന്ന് ലഭിക്കുന്ന വിഹിതം എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് തനത് വിഭവ സമാഹരണം അവലോകനത്തിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തു നികുതി, ലൈസൻസ് എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് നികുതി നികുതിയേതര വരവുകളുടെ ശോഷണത്തിന് ഇടയാക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ റവന്യൂ ചെലവുകളിൽ വലിയ വർദ്ധനവ് വന്നിട്ടുണ്ടെങ്കിലും ആനുപാതികമായി റവന്യൂ വരവിൽ വർദ്ധനവുണ്ടായിട്ടില്ല. പുതിയ തനതു വരുമാന മേഖലകൾ സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് സമിതിയുടെയും തീരുമാനങ്ങളിൽ ഉൾപ്പെട്ടിട്ടില്ല. റവന്യൂ ചെലവുകൾ വർദ്ധിച്ച് വരുന്ന സാഹചര്യം കണക്കിലെടുത്ത് തനത് വരുമാന സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിലും പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിലും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം (Own Source Revenue) സംബന്ധിച്ച നിലവിലെ സ്ഥിതികൾ വിലയിരുത്തിക്കൊണ്ട് തനത് വരുമാന വർദ്ധവിനുള്ള നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

വസ്തു നികുതി:

റെസിഡൻഷ്യൽ, നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി ഇനത്തിലുള്ള വരുമാനമാണ് വസ്തു നികുതി ഇനത്തിലെ പ്രധാന വരുമാനം. ഗ്രാമപഞ്ചായത്തിന്റെ ഭൂഏരിയ കുറവായതിനാൽത്തന്നെ കെട്ടിടങ്ങളുടെ എണ്ണവും കുറവാണ്. നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ നികുതി നിരക്ക് താരതമ്യേന കൂടുതലായതിനാൽ അത്തരം വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങളാണ് സാധരണയായി വസ്തു നികുതി വരുമാനത്തിൽ കൂടിയ പങ്കം ഉൾക്കൊള്ളാറുള്ളത്. 2022-23 വർഷം വസ്തുനികുതി നിർണ്ണയിച്ച എല്ലാ കെട്ടിടങ്ങളും റെസിഡൻഷ്യൽ വിഭാഗത്തിൽപ്പെടുന്നവയായിരുന്നു. അതിൽ നിന്നും ഗ്രാമപഞ്ചായത്തിന് വസ്തു നികുതി ഇനത്തിലുള്ള വരുമാനം താരതമ്യേന കുറവാണെന്നു വ്യക്തമാണ്. സ.ഉ(കൈ)നം.77/2023/തസ്വഭവ തീ:22.3.23, എസ്.ആർ.ഒ. നം.479/2023 തീ:5.4.23 പ്രകാരം വസ്തു നികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് വർഷം തോറും അഞ്ച് ശതമാനം എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിലും 2023-24 പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങൾക്ക് സ.ഉ.(അച്ചടി)25/23 05-04-2023 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലുമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 01.04.2023 മുതൽ 5% വർദ്ധിപ്പിച്ച നിരക്കിൽ നികുതി ഈടാക്കി വരുന്നുണ്ട്. വളപട്ടണം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ നിശ്ചയിച്ച്

കൊണ്ടും മേഖലകൾ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകൾ എന്നിവ പുതുക്കി നിശ്ചയിച്ചും ഭരണസമിതിയുടെ 20-07-2023 തീയതിയിലെ 132/23 നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സഞ്ചയയിൽ പുതിയ നിരക്ക് ലഭ്യമല്ലാത്തതിനാൽ പഴയ നിരക്കിലാണ് ഇപ്പോഴും വസ്തു നികുതി ഈടാക്കി വരുന്നത്. പുതിയ നിരക്ക് പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് 1.4.23 മുതൽ വസ്തു നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളുടെ വസ്തു നികുതി ക്രമീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം കെട്ടിടങ്ങൾക്കും ഉപവിഭാഗങ്ങൾക്കും ഏറ്റവും കുറഞ്ഞ നിരക്ക് ആണ് അന്തിമ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രഥമ മേഖലയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രദേശങ്ങളും കുറവാണ്. സഞ്ചയ പ്രകാരം 8 കെട്ടിടങ്ങളാണ് അനധികൃത വിഭാഗത്തിൽപ്പെടുന്നത്. എന്നാൽ കെട്ടിടയുടമകൾ 9 ബി ഫാറത്തിൽ നൽകിയ വിവരങ്ങളുടെയടിസ്ഥാനത്തിൽ 45 കെട്ടിടങ്ങൾ അനധികൃത നിർമ്മാണം ക്രമവൽകരിക്കുന്നതിനായി അപേക്ഷ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടായിട്ടുള്ളതായി ഇത് വ്യക്തമാക്കുന്നു. അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം യു എ നമ്പർ നൽകി വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാകൂ. ജി.ഐ.എസ്. മാപ്പിംഗ് നടപ്പിലാക്കിയിട്ടുള്ള പഞ്ചായത്തായതിനാൽ കെട്ടിടങ്ങളുടെ വിസ്തീർണം സഞ്ചയയിലും ജി.ഐ.എസ്. മാപ്പിംഗിലും ഒത്തു നോക്കി അനധികൃത നിർമാണം നടത്തിയത് പരിശോധിക്കേണ്ടതും അധിക നിർമ്മാണം ക്രമവൽക്കരിക്കാൻ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എഫ് ടി ഇ & ഒ എസ് ലൈസൻസ്

ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായുള്ള ഫീൽഡ് പരിശോധനയിലൂടെയും ജി ഐ എസ് മാപ്പിംഗ് സംവിധാനം ഉപയോഗപ്പെടുത്തിയും ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതും ആയതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതും ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്. FTE&OS ലൈസൻസ് ഫീസ് ഭൂരിഭാഗവും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലല്ല ഈടാക്കുന്നത്. മാത്രമല്ല, മൂലധന നിക്ഷേപം രേഖപ്പെടുത്തിയവയിൽത്തന്നെ ആധികാരികത ഉറപ്പു വരുത്തുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. താരതമ്യേന ഉയർന്ന മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നതിന് സാധിക്കുന്ന തരത്തിൽ പരിശോധന കാര്യക്ഷമമാക്കേണ്ടതാണ്. ഉയർന്ന മൂലധന നിക്ഷേപം ഉണ്ടാകാൻ സാധ്യതയുള്ള സംരംഭങ്ങളുടെ കാര്യത്തിൽ മൂലധന നിക്ഷേപത്തിന്റെ കൃത്യത ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 അനുസരിച്ചുള്ള FTE &OS ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി പൂർണ്ണമായും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാവുന്നതാണ്.

തൊഴിൽ നികുതി:

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഇനത്തിലുള്ള ഡിമാൻഡ് പൂർണ്ണമല്ല. ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്ഥാപനങ്ങളെയും തൊഴിൽ നികുതി ഡാറ്റാ ബേസിൽ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എല്ലാ വിഭാഗം പ്രൊഫഷണലുകളുടെയും, വ്യാപാരികളുടെയും, വ്യവസായികളുടെയും, അസംഘടിത മേഖലയിലെ തൊഴിലാളികളുടെയും, സ്വയം തൊഴിൽ ചെയ്യുന്ന വ്യക്തികളുടെയും സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി തൊഴിൽ നികുതിയിനത്തിലുണ്ടാകുന്ന വരുമാന ചോർച്ച പരിഹരിക്കേണ്ടതാണ്.

മണൽ ഖനനത്തിൽ നിന്നും പഞ്ചായത്തിന് ലഭിക്കുന്ന വിഹിതം

അഴീക്കൽ പോർട്ടിൽ നിന്ന് മാനുവൽ ഡ്രഡ്ജിംഗ് വഴി മണൽ വിൽപന നടത്തുന്നതിന്റെ വിഹിതമായി ലഭിക്കുന്ന തുക (₹100/ടൺ) ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായിരുന്നു. എന്നാൽ 31.1.23 മുതൽ ഡ്രഡ്ജിംഗ് നിർത്തി വച്ചിരിക്കുന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാനമൊന്നും ലഭിക്കുന്നില്ല. മണൽ വാരൽ തൊഴിലാളികളുടെ തൊഴിൽ നികുതി ഇനത്തിൽ ലഭിച്ചു കൊണ്ടിരിക്കുന്ന തുകയും നിലച്ചു.

മറ്റ് വരവിനങ്ങൾ:

ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീ.സ.28/1,28/2 ൽ ഉൾപ്പെട്ട സ്ഥലത്ത് പഞ്ചായത്ത് അസസ്മെന്റ് രജിസ്റ്റർ പ്രകാരം 2/196 മുതൽ 208 വരെ നമ്പറിട്ട മിനി വ്യവസായ കേന്ദ്രം കെട്ടിടം നിലനിൽക്കുന്ന സ്ഥലം വർഷങ്ങൾക്കു മുൻപ് പൊതുമേഖലാ സ്ഥാപനമായ സിഡ്കോയ്ക്ക് ലീസിന് നൽകിയതാണ്. എന്നാൽ ലീസ് കാലാവധി കഴിഞ്ഞിട്ടും പ്രസ്തുത സ്ഥലവും അതിലെ ചമയങ്ങളും സിഡ്കോ തിരികെ നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗമാകേണ്ടിയിരുന്ന സ്ഥലം തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ:

1. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ്തല പരിശോധന നടത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്.

2. ഫീൽഡ് പരിശോധന നടത്തി സഞ്ചയയിൽ നികുതി ഇളവ് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങൾ നികുതി ഇളവിന് അർഹമാണോ എന്ന കാര്യം പരിശോധിച്ച് ഉറപ്പ് വരുത്താവുന്നതാണ്.

3. ഫീൽഡ് പരിശോധന നടത്തി ഘടനാപരമായി മാറ്റം വരുത്തുകയോ കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ചെയ്ത കെട്ടിടങ്ങളെ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. നികുതി നിർണ്ണയ പരിധിയിൽ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി എൻജിനീയറിംഗ് വിഭാഗത്തിന്റെ സഹായത്തോടെ ക്രമവൽക്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

4. വസ്തുനികുതി കൃത്യമായി നിർണ്ണയിക്കുന്നതിന് ജി.ഐ.എസ്. അധിഷ്ഠിത വിവര സങ്കേതങ്ങൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

5. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഒഴിഞ്ഞു കിടക്കുന്ന ഭൂമി പാട്ടത്തിന് നൽകി തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പഞ്ചായത്തിന് സ്വന്തമായി സ്ഥലമുള്ള വാണിജ്യപരമായി പ്രാധാന്യം ഉള്ള സ്ഥലങ്ങളിൽ കെട്ടിടങ്ങളോ സ്ഥലങ്ങളോ ഒഴിഞ്ഞ് കിടക്കുന്നുണ്ടോയെന്ന് പരിശോധന വിധേയമാക്കേണ്ടതാണ്.

6. ബജറ്റ് നിയന്ത്രണം കാര്യക്ഷമമാക്കി സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കാവുന്നതാണ്.

7. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴ പുറമ്പോക്കുകൾ, മറ്റ് സ്ഥലങ്ങൾ മുതലായവ സർക്കാരിന്റെ വിവിധ ടൂറിസം പദ്ധതികളുമായി സംയോജിപ്പിച്ച് തനത് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

8. 01-04-2023 പ്രാബല്യത്തിൽ വരുന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളിലും ഫീൽഡ് പരിശോധന നടത്തി ന്യൂനതകൾ പരിഹരിക്കേണ്ടതും അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വസ്തു നികുതി ഈടാക്കാവുന്നതുമാണ്.

മേൽ സൂചിപ്പിച്ച പോരായ്മകൾ പരിഹരിക്കുന്നതിനും തനത് വരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കി വരുമാന വർദ്ധനവിനാവശ്യമായ സത്വര നടപടി സ്വീകരിക്കേണ്ടതുമാണ്. പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ച സർക്കാരിന്റെ സ.ഉ.(കൈ).നം.84/22/തസ്വഭവ തീയതി 19/04/2022 ഉത്തരവ് ഖണ്ഡിക 5.1ൽ വിഭവസമാഹരണം സംബന്ധിച്ച പൊതുനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ഉൾക്കൊണ്ടു കൊണ്ട് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്. ഇതോടൊപ്പം തന്നെ തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-17 ആവശ്യമില്ലാത്ത കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിന് തുക നൽകിയത് -പ്രവൃത്തി പൂർത്തീകരിച്ചില്ല.₹1,51,000 തടസ്സപ്പെടുത്തുന്നു

27-9-2022 തീയതിയിൽ സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമില്ലാത്ത 54 കുടിവെള്ള ടാപ്പുകൾ വിച്ഛേദിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ ₹1,51,000 എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കണ്ണൂർ ഡിവിഷന് വൗച്ചർ നമ്പർ 22200899 തീയതി 08-03-23 പ്രകാരം അടവാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ നിലവിലെ സ്ഥിതിവിവരം അറിയുന്നതിന് വേണ്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/29-09-2023) ഏപ്രിൽ 2023 മുതൽ വിച്ഛേദിക്കാത്ത 21 പൊതുടാപ്പുകൾക്കുള്ള വെള്ളക്കരം മാത്രമാണ് അടവാക്കി വരുന്നതെന്ന് മറുപടി നൽകി. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക ₹1,51,000 തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റിന് തുക നൽകിയതിനുള്ള വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- ₹60000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തന ചെലവ്, ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട്, വേതനം എന്നീയിനങ്ങളിലായി യഥാക്രമം ₹10000, ₹20000 എന്നിങ്ങനെ 2021-22, 2022-23 വർഷങ്ങളിലെ ആകെ തുകയായി ₹60000 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-3 ന് നൽകിയിട്ടുണ്ട് (വൗച്ചർ നമ്പർ 22200984/29-03-2023). ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/29-09-2023) വിനിയോഗ സാക്ഷ്യപത്രം ഉടൻ തന്നെ ലഭ്യമാക്കി പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്ന മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹60000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ജി ഐ എസ് സർവ്വെ പൂർത്തീകരണം-പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

ജി ഐ എസ് അധിഷ്ഠിത ആസൂത്രണത്തിലൂടെ സ്ഥിതിവിവര കണക്കുകൾ (സാമൂഹിക വിവരങ്ങൾ ഉൾപ്പെടെ ശേഖരിച്ച് ഡാറ്റ തയ്യാറാക്കൽ) തയ്യാറാക്കി ഗ്രാമപഞ്ചായത്തിന്റെ വികസന പ്രക്രിയയെ സഹായിക്കുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കുന്നതിനും വിവിധ പദ്ധതികൾക്ക് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് സഹായിക്കുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയതാണ് ജി ഐ എസ് സർവ്വെ നടത്തൽ, ജി ഐ എസ് പൂർത്തീകരണം എന്നീ പ്രോജക്ടുകൾ. ഊരാളുങ്കൽ ലേബർ കോൺട്രാക്ടേഴ്സ് കോ-ഓപ്പ് സൊസൈറ്റി ലിമിറ്റഡ് മുഖേനയാണ് പ്രൊജക്ട് നിർവ്വഹണം നടത്തിയത്. വിശദവിവരം ചുവടെ കൊടുക്കുന്നു.

പ്രോജക്ട് കോസ്റ്റ്, ചെലവ് സംബന്ധിച്ച വിവരങ്ങൾ

| ഇനം | യൂണിറ്റ് നിരക്ക് | ആകെ യൂണിറ്റ് | ചെലവ് തുക (നികുതി യില്ലാതെ) | ചെലവ് തുക (18% ജി എസ് ടി ഉൾപ്പെടെ) | റിമാർക്സ് |
|---|---|---|---|---|---|
| Base Map | 7000/-km2 | 2.02km | 14140 | 16685 | ഇല്ല. |
| Drone Survey | 20000/-km2 | 2.02km | 40400 | 47672 | ഇല്ല. |
| Household Survey | 110/- Each | 3500 (Subject To Variation) | 407000 | 480260 | 3700 യൂണിറ്റുകൾക്ക് തുക നൽകി. |
| Android Application For Data Collection,Data Analysis Dashboard And Web GIS Portal | 500000/- Unit | 1 | 500000 | 590000 | ഇല്ല. |
| ആകെ | | | 9,61,540 | 11,34,617 | |

തുക നൽകിയത് സംബന്ധിച്ച ബിൽ വിവരങ്ങൾ.

| ഇൻവോയ്സ് നമ്പർ, തീയതി | ബിൽ നമ്പർ, തീയതി | തുക | ചെലവ് വിവരം |
|---|---|---|---|
| 1) യു.എൽ.സി 21-22/337/ 22-03-2022 ₹259600<br>2) യു.എൽ.സി/ | ബിൽ നമ്പർ : 21190152016301357150/17-03-2022 | ₹176975 | ULCCS Ltd. (പ്രോ.നം154/22 ജി.ഐ.എസ് സർവ്വേ നടത്തുന്നതിന്) |

| | | | |
|---|---|---|---|
| 21-22/336/<br>22-03-2022<br>₹64357 | | | |
| -----ടി--- | ബിൽ നമ്പർ :<br>2119015201630147 1484/<br>26-03-2022 | ₹100556 | ULCCS Ltd.<br>(പ്രോ.നം154/22 ജി.ഐ.എസ് സർവ്വേ നടത്തുന്നതിന്) |
| ----ടി--- | 22200171/14-06-2022 | ₹46426 | ULCCS Ltd.<br>(പ്രോ.നം.SO 38/23 ജി.ഐ.എസ് സർവ്വേ നടത്തുന്നതിന്).<br>അടങ്കൽ (തനത് ഫണ്ട്)-312469<br>ചെലവ്-267086 |
| യു.എൽ.സി/22-23/<br>32/29-04-2022 | 22200150/04-06-2022 | ₹220660 | ----ടി--- |
| യു.എൽ.സി/22-23/<br>318/29-10-2022<br>₹590000 | 22200664/19-12-2022 | ₹558188 | ULCCS Ltd.<br>(പ്രോ.നം.124/23 ജി.ഐ.എസ് സർവ്വേ പൂർത്തീകരണം).<br>അടങ്കൽ (തനത് ഫണ്ട്)-600000<br>ചെലവ്-590000 |
| --ടി-- | 22200661/19-12-2022 | ₹17142 | ആദായനികുതി<br>TDS<br>(പ്രോ.നം.124/23 ജി.ഐ.എസ് സർവ്വേ പൂർത്തീകരണം).<br>അടങ്കൽ (തനത് ഫണ്ട്)-600000<br>ചെലവ്-590000 |
| -----ടി--- | | ₹14670 | GST TDS<br>(പ്രോ.നം.124/23 ജി.ഐ.എസ് സർവ്വേ പൂർത്തീകരണം).<br>അടങ്കൽ (തനത് ഫണ്ട്)-600000 |

| | | | |
|---|---|---|---|
| | | | ചെലവ്-590000 |
| ആകെ | | ₹11,34,617 | |

പ്രോജക്ട് പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകങ്ങൾ ഉണ്ട്.

ഡാറ്റ വിവരങ്ങൾ സമ്പൂർണ്ണമല്ല

ഡാറ്റ ലഭ്യമായത് (Door Opened) 3401 എണ്ണം മാത്രമാണ്. 388 സ്ഥാപനങ്ങളിൽ നിന്ന് (Door Closed – 63, Permanently Door Closed – 288, Non Co Operation – 37) ഡാറ്റ ശേഖരിക്കുവാൻ സാധിച്ചിട്ടില്ലെന്ന് ജി ഐ എസ് റിപ്പോർട്ടിൽ നിന്ന് വ്യക്തമാവുന്നു. 3700 ഡാറ്റ ചെയ്തതിന് (@110/-unit) സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. ഡാറ്റ ലഭിക്കാതെ ഈയിനത്തിൽ മുഴുവൻ തുകയും സ്ഥാപനത്തിന് അനുവദിച്ചിട്ടുണ്ട്. മാത്രവുമല്ല, ഉൾപ്പെടുത്തിയ ഡാറ്റകൾ പലതും അപൂർണ്ണമാണ്. അടച്ച വീടുകളുടെ വ്യക്തികളുടെ പക്കൽ നിന്നും ലഭിക്കുന്ന ഡാറ്റകൾ ഒഴിച്ച് ബാക്കി സൈറ്റിൽ എൻട്രി വരുത്തിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അപ്ഡേറ്റ് ചെയ്യാവുന്ന ഓപ്ഷൻ സൈറ്റിൽ ലഭ്യമാണെന്നും ഗ്രാമപഞ്ചായത്ത് മറുപടി നൽകി. ഡാറ്റ എൻട്രി സമ്പൂർണ്ണമാക്കുന്നതിന് നിർവ്വഹണ സ്ഥാപനവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്.

ജി ഐ എസ് സർവ്വേ-വരുമാന വർദ്ധനവിനും വികസന പ്രവർത്തനങ്ങൾക്കും പ്രയോജനപ്പെടുത്തണം

സർവ്വേയിലൂടെ ശരാശരി 30 ശതമാനമെങ്കിലും വരുമാനം വർദ്ധിപ്പിക്കുന്നതിന് സാധിക്കുമെന്നാണ് സാമ്പത്തിക നേട്ടങ്ങളുമായി ബന്ധപ്പെട്ട് സ്ഥാപനം നൽകുന്ന ഉറപ്പ്. ഇത്തരത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന് സഹായകരമായ രീതിയിൽ പ്രോജക്ട് ഡാറ്റകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്കും ഡാറ്റ പ്രയോജനപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

ബില്ലിൽ നിന്നും നികുതി ഈടാക്കിയതിലെ കുറവ്

പ്രോജക്ട് ചെലവുകളിൻ മേൽ ആദായനികുതി, ജി എസ് ടി ടി ഡി എസ് ഈടാക്കിയത് 2022-23 സാമ്പത്തിക വർഷത്തിലാണ്. ആകെ പ്രവൃത്തി മൂല്യത്തിന്റെ (9,61,540) 2% നിരക്കിൽ ആദായ നികുതി, ജി എസ് ടി - ടി ഡി എസ് എന്നീ ഇനങ്ങളിലായി ₹19231 വീതം കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടതായിരുന്നു. എന്നാൽ യഥാക്രമം ₹17142, ₹14670 മാത്രമാണ് ഈടാക്കിയത്. ആദായനികുതി ഇനത്തിൽ കുറവ് വന്ന ₹2089യും ജി എസ് ടി - ടി ഡി എസ് ഇനത്തിൽ കുറവ് വന്ന ₹4561യും സ്ഥാപനത്തിൽ നിന്ന് ഈടാക്കി അതാത് വകുപ്പിൽ ഒടുക്കേണ്ടതാണ്. ആദായ നികുതി, ജി.എസ്.ടി എന്നിവ ഈടാക്കിയതിൽ കുറവ് വന്ന തുക അടവാക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് മറുപടി നൽകി. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

ഐ.കെ.എം സോഫ്റ്റ്‌വെയർ പ്രകാരം ആവശ്യമായ വിവരങ്ങൾ ഫീൽഡ് സർവ്വേയിലുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 04.10.2018 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2556/2018ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ ജി.ഐ.എസ് മാപ്പിംഗ് ഐ.കെ.എം. സൂപ്പർവൈസർ ചെയ്യേണ്ടതാണെന്നും ഐ.കെ.എം. ഡവലപ്പ് ചെയ്ത് വിന്യസിച്ചിരിക്കുന്ന ബന്ധപ്പെട്ട സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാവുന്ന രീതിയിൽ വേണം ജി.ഐ.എസ് മാപ്പിംഗ് നടത്താൻ എന്നും പ്രോപ്പർട്ടി അസസ്മെന്റിന് ജി ഐ എസ് മാപ്പിംഗ് ഉപകരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. 11/12/2020 തീയതിയിൽ അഡീഷണൽ സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ ജി.ഐ.എസ് മാപ്പിംഗ് പദ്ധതി പൂർത്തീകരിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഐ.കെ.എം സൂപ്പർവിഷന് പകരമായി ഐ.കെ.എം സോഫ്റ്റ്‌വെയർ പ്രകാരം ആവശ്യമായ വിവരങ്ങൾ ഫീൽഡ് സർവ്വേയിൽ ഉണ്ടെന്ന് ഉറപ്പ് വരുത്തിയാൽ മതിയെന്ന് തീരുമാനമെടുത്തിരുന്നു (നം.lsgd/ib1/233/2020-lsgd Dated 25/01/2021). ഐ.കെ.എം വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുമായി സംയോജിപ്പിക്കാൻ കഴിയും വിധമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും, നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും, നിലവിൽ ഐ.കെ.എം. വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകളുടെ അപ്ഗ്രഡേഷൻ നടന്നു കൊണ്ടിരിക്കുന്നു എന്നതിനാൽ അവ പൂർത്തിയായാൽ മാത്രമേ തുടർനടപടികൾ സാധ്യമാകുവെന്നുമാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (10/23-09-2023) ഗ്രാമപഞ്ചായത്ത് നൽകിയ മറുപടി. പഞ്ചായത്തിലെ പ്രോപ്പർട്ടി അസസ്മെന്റിന്റെ മുഴുവൻ വിവരങ്ങളും ജി ഐ എസ് മാപ്പിംഗിൽ ലഭ്യമാണ് എന്ന് ഉറപ്പു വരുത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് IKM പരിശോധന നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. ഐ.കെ.എം സോഫ്റ്റ്‌വെയർ പ്രകാരം ആവശ്യമായ വിവരങ്ങൾ ഫീൽഡ് സർവ്വേയിലുണ്ടെന്ന് ഉറപ്പു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

ജി ഐ എസ് സർവ്വെ പൂർത്തീകരിച്ച സാഹചര്യത്തിൽ പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഐ.കെ.എം വിഹിതം നൽകൽ-വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല.₹29248യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

2022-23 വർഷം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ "ഐ.കെ.എം വിഹിതം നൽകൽ" എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ- 80/23, അടങ്കൽ-₹29248 വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം) നിർവ്വഹണത്തിന്റെ ഭാഗമായി ₹29248 (ബിൽ നമ്പർ-33/19-08-2022 എ സി ആർ പ്രകാരം) ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഇതേവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നമ്പർ-13/25-09-23) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ ₹29248യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-21 എ.ബി.സി. പദ്ധതിക്ക് തുക കൈമാറൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.₹105000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ.ബി.സി. പ്രോജക്ടിനു വേണ്ടിയുള്ള ഗ്രാമപഞ്ചായത്ത് വിഹിതം മുഖ്യ നിർവ്വഹണ സ്ഥാപനമായ ജില്ലാ പഞ്ചായത്തിന് നൽകിയിരുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 189/23 |
| പ്രോജക്ടിന്റെ പേര് | എ.ബി.സി. പദ്ധതിക്ക് തുക കൈമാറൽ |
| അടങ്കൽ | ₹1,05,000 (തനത് ഫണ്ട്) |
| ചെലവഴിച്ച തുക | ₹1,05,000 |
| ബിൽ നമ്പർ, തീയതി | 22200838/23-02-2023 |

മേൽ സൂചിപ്പിച്ചു പ്രകാരമുള്ള തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. സ.ഉ(സാധാ)നം.2065/2022/LSGD/23-08-2022 നമ്പർ ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രാമപഞ്ചായത്ത് തലത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും മോണിറ്ററിംഗ് സമിതി രൂപീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നതായി ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ-12/25-09-23) മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹105000 തടസ്സപ്പെടുത്തുന്നു. പദ്ധതി നിർവ്വഹണം സംബന്ധിച്ചുള്ള വിശദാംശങ്ങൾ, ഗ്രാമപഞ്ചായത്തിൽ സ്വീകരിച്ച നടപടികൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല.₹107099യുടെ ചെലവ് തടസ്സപ്പെടുത്തുന്നു

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിൽ മരുന്ന് വാങ്ങുന്നതിന് ₹200000 താഴെപ്പറയും പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയിട്ടുണ്ട് (A/C NO.34306403911).

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ട് നമ്പർ/പേര് | 23/23 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | ₹200000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക-ബിൽ നമ്പർ/ തീയതി | ₹200000 – 53/22-23/3.10.22 (എ.സി.ആർ പ്രകാരം) |

മേൽ ബിൽ പ്രകാരം നല്കിയ ₹200000 യിൽ ₹92901 യുടെ മരുന്നുകൾ മാത്രമാണ് ഇതുവരെ (Invoice No.LF-728 Dated 28.7.23) ലഭിച്ചിട്ടുള്ളത്. ₹1,07,099യുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/20-09-2023) മരുന്നുകൾ 2023 ഒക്ടോബറിനു മുൻപ് ലഭ്യമാക്കുമെന്ന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് അറിയിച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ ₹107099യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ മരുന്നുകളും ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറയ്ക്ക് ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററുകളും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതുമാണ്.

## 1-23 ഗവ.ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തിക്ക് തുക ചെലവഴിച്ചു-₹1930 തടസ്സപ്പെടുത്തുന്നു

2022-23 വർഷം ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് വാടകയ്ക്കും മറ്റ് ആവർത്തന ചെലവുകൾക്കുമായി ₹2,09,999 ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രൊജക്ട് നമ്പർ / പേര് | 24/23 ഗവ.ഹോമിയോ ഡിസ്പെൻസറിക്ക് വാടകയും മറ്റ് ആവർത്തന ചെലവുകളും |
| അടങ്കൽ | ₹2,10,000 മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് തുക | ₹2,09,999 |

ഗവ.ഹോമിയോ ഡിസ്പെൻസറി, സനീഷ കാക്കടവന്റെ ഉടമസ്ഥതയിലുള്ള 1/98 നമ്പർ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ടിയാരിയുമായുള്ള 19.5.2018ലെ വാടക കരാർ പ്രകാരം 2018 ഡിസംബർ 19 മുതൽ ഒരു വർഷത്തേക്ക് മാസം ₹11599 യും പിന്നീടുള്ള ഓരോ വർഷവും 10% വർദ്ധനവും വ്യവസ്ഥ ചെയ്യുന്നുണ്ട്. 2022-23 വർഷം വാടകയിനത്തിൽ ആകെ ₹174461 നൽകിയിട്ടുണ്ട്. ബിൽ നം.210/16.3.23 (₹10853) പ്രകാരം ഡിസ്പെൻസറി കെട്ടിടത്തിന്റെ മെയിന്റനൻസ് പ്രവൃത്തിക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ താഴെക്കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| | |
|---|---|
| പ്ലംബിംഗ് വർക്ക് | 230 |
| ഷട്ടർ വർക്ക് | 1700 |
| ആകെ | 1930 |

മെയിന്റനൻസ് പ്രവൃത്തിയുടെ ചെലവുകൾ ഏറ്റെടുത്തു നടത്താൻ കരാറിൽ വ്യവസ്ഥയില്ലാത്തതിനാൽ കെട്ടിട ഉടമ തന്നെയാണ് ഇത്തരത്തിലുള്ള മെയിന്റനൻസ് പ്രവൃത്തികൾ ചെയ്യേണ്ടിയിരുന്നത്. കെട്ടിട ഉടമയുടെ ചെലവിൽ പ്രസ്തുത പ്രവൃത്തി നടത്താതെ തുക ചെലവഴിക്കാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (8/21.9.23) അടിയന്തിര സാഹചര്യം പരിഗണിച്ചും കെട്ടിട ഉടമ സ്ഥലത്ത് ഇല്ലാത്തതിനാലുമാണ് പ്രസ്തുത തുക പദ്ധതിയിൽ നിന്ന് ചെലവഴിക്കേണ്ടി വന്നതെന്നാണ് മറുപടി നൽകിയത്. കരാർ പ്രകാരം കെട്ടിട ഉടമ ചെയ്യേണ്ടിയിരുന്ന മെയിന്റനൻസ് പ്രവൃത്തികൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥ സർക്കാർ ഗ്രാന്റ് ചെലവഴിച്ചതിനാൽ ചെലവ് തുകയായ ₹1930 തടസ്സപ്പെടുത്തുന്നു. മേൽ തുക കെട്ടിട ഉടമയിൽ നിന്ന് ഈടാക്കുകയോ തുടർന്ന് നൽകുന്ന

വാടകയിൽ നിന്ന് ക്രമീകരിക്കുകയോ ചെയ്ത് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-24 മൺചട്ടി പച്ചക്കറി കൃഷി-ടെറസ്സിലും മുറ്റത്തും-വിതരണം ചെയ്ത മൺചട്ടികളുടേയും പച്ചക്കറി തൈകളുടേയും വിവരം ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹629200 തടസ്സപ്പെടുത്തുന്നു

മൺചട്ടിയിൽ പച്ചക്കറി കൃഷി (ഒരു യൂണിറ്റ് 13 മൺചട്ടികളും പച്ചക്കറി തൈകളും) ആകെ യൂണിറ്റ് കോസ്റ്റ് ₹2600യാണ്. അതിൽ 75% സബ്സിഡിയും 25% ഗുണഭോക്തൃ വിഹിതവുമാണ് (സ്ഥാപനത്തിൽ അടക്കുന്നത്). വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 120/23, മൺചട്ടി പച്ചക്കറി കൃഷി-ടെറസ്സിലും മുറ്റത്തും |
| അടങ്കൽ | ₹629200<br>₹471260 (വികസനഫണ്ട് പൊതുവിഭാഗം)<br>₹640 (തനത് ഫണ്ട്)<br>₹157300 (ഗുണഭോക്തൃ വിഹിതം) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹629200<br>₹276900 – 184/27-02-2023<br>₹194360 – 212 /16-03-2023<br>₹640 – 5113400201220010/02-03-23<br>₹157300- 5113400201220012/02-03-23 |

മൺചട്ടി, പോട്ടിങ്ങ് മിശ്രിതം, പച്ചക്കറി തൈകൾ എന്നിവ പാപ്പിനിശ്ശേരി കാർഷിക കർമ്മസേനയിൽ നിന്ന് 02-03-2023 തീയതിയിലെ ഇൻവോയ്സ് നമ്പർ 51/22-23 നമ്പർ പ്രകാരം 100 എണ്ണവും, 27-02-2023 തീയതിയിൽ ഇൻവോയ്സ് നമ്പർ 50/22-23 നമ്പർ പ്രകാരം 142 എണ്ണവും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന്റെ ക്യാഷ് ബില്ലിൽ ഏതു തരം പച്ചക്കറി തൈകളാണ് വിതരണം നടത്തിയതെന്ന് രേഖപ്പെടുത്തിയിട്ടില്ല. വിതരണ രജിസ്റ്ററിലും ഏതുതരം പച്ചക്കറി തൈകളാണ് വിതരണം നടത്തിയതെന്നും ഒരാൾക്ക് എത്രവീതം മൺചട്ടികളും പച്ചക്കറി തൈകളും വിതരണം നടത്തിയതെന്നും രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിന്റെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/29-09-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹629200 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഏതുതരം പച്ചക്കറി തൈകളാണ് വിതരണം നടത്തിയതെന്നും ഒരാൾക്ക് എത്രവീതം മൺചട്ടികളും പച്ചക്കറി തൈകളുമാണ് വിതരണം നടത്തിയതെന്നുമുള്ള വിവരവും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 പരിശോധനാ റിപ്പോർട്ട്,വാല്വേഷൻ റിപ്പോർട്ട്, ശിപാർശ എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല.

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെ കൊടുത്ത പ്രോജക്ടുകളിൽ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് വഴി സബ്സിഡി തുക കൈമാറിയിട്ടുണ്ട്.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | കൃഷി ഓഫീസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 120/23, മൺചട്ടി പച്ചക്കറി കൃഷി-ടെറസ്സിലും മുറ്റത്തും | 130/23, ഇടവിള കിറ്റ് വിതരണം |
| അടങ്കൽ | ₹629200<br>₹471260 (വികസനഫണ്ട് പൊതുവിഭാഗം )<br>₹640 (തനത് ഫണ്ട്)<br>₹157300 (ഗുണഭോക്തൃവിഹിതം) | ₹94400 (വികസനഫണ്ട് ) |

| | | | |
|---|---|---|---|
| ചെലവ്-ബിൽ നമ്പർ & തീയതി | ₹629200<br>₹276900-184/27-02-2023<br>₹194360 – 212 / 16- 03- 2023<br>₹640 511340020122001 0/02-03-23<br>₹157300-511340020122001 2/02-03-23 | - | ₹94400-211/15-03-2023 |

സബ്സിഡി തുക ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷകളിൽ കൃഷി അസിസ്റ്റന്റിന്റെ പരിശോധനാ റിപ്പോർട്ടോ കൃഷി ഓഫീസറുടെ വാലേഷൻ റിപ്പോർട്ടോ രേഖപ്പെടുത്തിയിട്ടില്ല. പരിശോധനാ റിപ്പോർട്ട്, വാലേഷൻ റിപ്പോർട്ട്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശിപാർശ എന്നിവയില്ലാതെ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/29-09-2023) പരിശോധനാ റിപ്പോർട്ട്, വാലേഷൻ റിപ്പോർട്ട്, ശിപാർശ എന്നിവ എഴുതാൻ വിട്ടുപോയതാണെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയത്. മറുപടി തൃപ്തികരമല്ല. പ്രോജക്ട് നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ മുഴുവൻ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. തൃപ്തികരമായ മറുപടി ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-26 അടുക്കള മുറ്റത്തെ കോഴി വളർത്തൽ-സബ്സിഡി മാർഗ്ഗരേഖ,യൂണിറ്റ് കോസ്റ്റ് എന്നിവയിൽ അധികരിച്ച് തുക നൽകിയത്-ചെലവ് തുക ₹9150 തടസ്സപ്പെടുത്തുന്നു

സർക്കാർ അംഗീകൃത നഴ്സറികളിൽ നിന്ന് മുട്ടക്കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 183 ഗുണഭോക്താക്കൾക്ക് ഒരാൾക്ക് 5 എണ്ണം വീതം വിതരണം ചെയ്യുന്നതിനാണ് പ്രൊജക്ട് ലക്ഷ്യം വയ്ക്കുന്നത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജ്ജൻ |
| പ്രൊജക്ട് നമ്പർ / പേര് | 84/23 / അടുക്കള മുറ്റത്തെ കോഴി വളർത്തൽ |
| അടങ്കൽ | ₹118950 -മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | ₹118950 |
| ബിൽനം./തീയതി/ തുക (ACR പ്രകാരം) | ₹64350-109/19.12.22 (ഇൻവോയ്സ് നം.275/19.12.22-ഷാനു എഗ്ഗർ നഴ്സറി, ഈന്തോട്, പാപ്പിനിശ്ശേരി)<br>₹39650-139/18.01.23 (ഇൻവോയ്സ് നം.332/10.1.23-റിയ എഗ്ഗർ നഴ്സറി, മാങ്കടവ്, പാപ്പിനിശ്ശേരി)<br>₹14950-146/03.02.23 (ഇൻവോയ്സ് നം.331/11.1.23-റിയ എഗ്ഗർ നഴ്സറി, മാങ്കടവ്, പാപ്പിനിശ്ശേരി) |

പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി റിയ എഗ്ഗർ നഴ്സറി, ഷാനു എഗ്ഗർ നഴ്സറി എന്നിവിടങ്ങളിൽ നിന്ന് ₹130 വിലയുള്ള കോഴിക്കുഞ്ഞുങ്ങളെയാണ് വാങ്ങി വിതരണം ചെയ്തിരിക്കുന്നത്. സ.ഉ(കൈ)നം.115/2022/തസ്വഭവ തി:28.5.22,ഖ 6.3.25 പ്രകാരം 5 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന ഒരു യൂണിറ്റിന്റെ വില ₹600 ആണ്. കണ്ണൂർ ജില്ലാതല സാങ്കേതിക വിദഗ്ദസമിതിയുടെ 23-06-2022 തീയതിയിലെ യോഗതീരുമാന പ്രകാരം നിശ്ചയിച്ച യൂണിറ്റ് കോസ്റ്റും ₹600 തന്നെയാണ്. എന്നാൽ പ്രോജക്ട് പ്രകാരം ₹650 നൽകിയിട്ടുണ്ട്. 183 ഗുണഭോക്താക്കൾക്കായി 915 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തപ്പോൾ ₹9150 അധികം നൽകിയിട്ടുണ്ട്. ₹9150 ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സബ്സിഡി മാർഗ്ഗരേഖയിൽ അധികരിച്ച് തുക നൽകാനിടയായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/21.9.23) മൃഗസംരക്ഷണ ഡയറക്ടറുടെ 16.09.22 തീയതിയിലെ നം.AHD/7604/20213-H1 ഉത്തരവ് പ്രകാരം 45-60 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ വില 20.09.22 മുതൽ ₹130 ആയി വർദ്ധിപ്പിച്ചതിനാൽ സർക്കാർ അംഗീകൃത എഗ്ഗർ നഴ്സറികളിൽ നിന്ന് കോഴിക്കുഞ്ഞിനെ ₹120 ന് ലഭിക്കാതെ വരികയും 5 കോഴിക്കുഞ്ഞുങ്ങളുടെ യൂണിറ്റിന് ₹650 നൽകി വാങ്ങേണ്ടി വന്നുവെന്നും പ്രസ്തു നടപടി സാധൂകരിച്ച നൽകുവാൻ ഭേദഗതി ആവശ്യപ്പെട്ടു കൊണ്ട് ജില്ലാതല സാങ്കേതിക വിദഗ്ധ സമിതിക്ക് കത്ത് നൽകുവാൻ പഞ്ചായത്ത് ഭരണസമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 4(1), (2) എന്നിവ പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ ഇല്ലാത്ത കാര്യങ്ങൾക്ക് മാത്രമേ സംസ്ഥാന സർക്കാരിന്റെ സബ്സിഡി നിരക്ക് ഉപയോഗിക്കാൻ പാടുള്ളൂ. കോഴിക്കുഞ്ഞ് വിതരണത്തിന്റെ സബ്സിഡി നിശ്ചയിക്കുന്നത് ജില്ലാതലത്തിൽ അല്ല എന്നതിനാൽ പുതുക്കിയ

നിരക്കായ ₹130 ഓഡിറ്റ് വർഷം വിനിയോഗിക്കാമെന്ന കോ-ഓർഡിനേഷൻ കമ്മിറ്റി മിനുട്സ്/സർക്കാർ ഉത്തരവ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-27 കോക്ലിയാർ ഇംപ്ലാന്റ് ഉപകരണ മെയിന്റനൻസിന് സോഷ്യൽ സെക്യൂരിറ്റി മിഷന് വിഹിതം നൽകൽ-വിനിയോഗ രേഖകൾ ഹാജരാക്കിയിട്ടില്ല-ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു.

കോക്ലിയാർ ഇംപ്ലാന്റുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ താഴെ കൊടുത്ത പ്രോജക്റ്റ് പ്രകാരമുള്ള തുക കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേക്ക് (70101140000134) കൈമാറിയിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ സി ഡി എസ് സൂപ്പർ വൈസർ |
| പ്രോജക്ടിന്റെ നമ്പരും പേരും | 161/23<br>കോക്ലിയാർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് ഉപകരണങ്ങൾ റിപ്പയറിനുള്ള ധനസഹായം |
| അടങ്കൽ | ₹50000 (വികസന ഫണ്ട്) |
| ചെലവ്-ബിൽ നമ്പർ & തീയതി | ₹50000/22190152015400890967/11-12-22 |

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 7-1-1 ബി (2) പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ വാർഷിക പലിശ നിരക്കിന് തദ്ദേശ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ച് ഒരു കുട്ടിക്ക് ₹50000 നിരക്കിൽ കുട്ടികളുടെ ലിസ്റ്റ് സഹിതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിലേക്ക് ട്രാൻസ്ഫർ ചെയ്യാൻ അനുമതി നൽകിയിട്ടുണ്ട്. പ്രോജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതിനുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം. 19/29-09-2023) ആയത് ലഭ്യമാക്കിയിട്ടില്ലായെന്നാണ് മറുപടി നൽകിയത്. കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹50000 തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം/കുട്ടിക്ക് വാർഷിക പരിപാലനം ലഭിച്ചതിന്റെ വിവരങ്ങൾ/പരിപാലനം ലഭിക്കാൻ വൈകി കുട്ടിക്ക് കേൾവി പ്രശ്നം അനുഭവിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 കുടുംബാരോഗ്യകേന്ദ്രം വളപട്ടണം-ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റികളുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിലെ വീഴ്ച.

2010 ലെ കേരളപഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജിംഗ് കമ്മറ്റികൾ) ചട്ടങ്ങളിലെ ചട്ടം 9(1) പ്രകാരം ലോക്കൽ ഫണ്ട് അക്കൗണ്ടുകളുടെ എക്സാമിനറോ (നിലവിൽ കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ) അദ്ദേഹം നാമനിർദ്ദേശം ചെയ്യുന്ന ഉദ്യോഗസ്ഥരോ പഞ്ചായത്ത് ഫണ്ടിന്റെ കാര്യത്തിലെന്ന പോലെ, ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കലോ ആവശ്യമെന്നു കണ്ടാൽ അതിനിടയ്ക്കോ ഓഡിറ്റ് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് 4 മാസത്തിനകം അതത് സാമ്പത്തിക വർഷത്തെ കണക്കുകൾ നിശ്ചിത മാതൃകാ ഫോറങ്ങളിൽ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുണ്ട് (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ 1996 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം). കുടുംബ ആരോഗ്യ കേന്ദ്രം, വളപട്ടണം എന്ന സ്ഥാപനത്തിന്റെ 2014-15 വരെയുള്ള HMC ഓഡിറ്റ് റിപ്പോർട്ട് നിലവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. 2015-16 മുതലുള്ള കുടുംബാരോഗ്യകേന്ദ്രം വളപട്ടണത്തിന്റെ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ വാർഷിക വരവു ചെലവ് കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് വേണ്ടി (സീനിയർ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് കാര്യാലയം, ബി എസ് എൻ എൽ ഭവൻ മൂന്നാം നില, കണ്ണൂർ-2) ഹാജരാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (29/30.9.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ 18-1-2006 ലെ 42774/എം. 3/05/ആ.കു.വ. നമ്പർ കത്തിൽ നിർദ്ദേശിച്ച പ്രകാരമുള്ള മാതൃകയിൽ വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് അടിയന്തിരമായി സമർപ്പിക്കുന്നതിന് ഹോസ്പിറ്റൽ മാനേജിംഗ് കമ്മിറ്റിക്ക് നിർദ്ദേശം നല്കുന്നതിനായി മേൽ വിവരം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-29 എസ്.എസ്.കെ വിഹിതം- ₹1914420യുടെ കുടിശ്ശിക

വളപട്ടണം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്ന എസ്.എസ്.കെ വിഹിതം നൽകൽ എന്ന പ്രോജക്ടുമായി (പ്രോജക്ട് നമ്പർ-97/23) ബന്ധപ്പെട്ട് ലഭ്യമാക്കിയ എസ് എസ് കെ യുടെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ എസ് എസ് കെ വിഹിതത്തിൽ 19,14,420 രൂപ ഗ്രാമപഞ്ചായത്ത് കുടിശ്ശിക വരുത്തിയിട്ടുണ്ട്. വളപട്ടണം ഗ്രാമപഞ്ചായത്തിന് വികസന ഫണ്ട് (ജനറൽ) വിഹിതമായി ലഭിക്കുന്നത് കുറഞ്ഞ തുകയാണെന്നും എസ്.എസ്.കെ. യ്ക്ക് അധിക തുക വകയിരുത്തിയാൽ വികസന പ്രവർത്തനങ്ങൾ ചെയ്യാൻ സാധിക്കുകയില്ലെന്ന് ഭരണസമിതി അഭിപ്രായപ്പെട്ടതായും ഇഇ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/25-09-2023) മറുപടി നൽകി. ഗ്രാമപഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളുടെ എണ്ണം കൂടി കണക്കിലെടുത്ത് ഓരോ വർഷവും മതിയായ ഫണ്ട് എസ്.എസ്.കെ വിഹിതമായി വകയിരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതും നിലവിലെ കുടിശ്ശിക ഒഴിവാക്കി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എല്ലാ പദ്ധതി മാർഗ്ഗരേഖകളിലും പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ ഉൾപ്പെടെ (സ.ഉ.(കൈ) 84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 5(2) (2) പ്രകാരം) എസ്.എസ്.കെ. പദ്ധതിക്ക് തുക വകയിരുത്തേണ്ടത് അനിവാര്യമാണെന്നിരിക്കെ പ്രസ്തുത കാര്യം നിർവ്വഹിക്കേണ്ടതിലേക്ക് ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-30 നിഷ്ക്രിയ ആസ്തികൾ വർദ്ധിച്ചു വരുന്നു-പുനരുജ്ജീവന നടപടികൾ സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതര വീഴ്ച

വികേന്ദ്രീകൃതാസൂത്രണ പദ്ധതികളുടെ ഭാഗമായി നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിന്റെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ നിരവധി ആസ്തികൾ പ്രോജക്ട് ലക്ഷ്യമിട്ടത് പ്രകാരമുള്ള നിർദ്ദിഷ്ട ആവശ്യത്തിന് പ്രയോജനപ്പെടുത്തുവാൻ സാധിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന് ഗുരുതരമായ വീഴ്ചയുണ്ടായതായി പരിശോധനയിൽ കണ്ടെത്തി. സ്ഥായിയായ വരുമാനം ലഭിക്കുന്നതും ഖരമാലിന്യസംസ്കരണത്തിലും മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിലും വലിയ പ്രയോജനം ലഭിക്കുന്നതുമായ പ്രോജക്ടുകളുടെ ഭാഗമായി നിർമ്മിച്ചതും വാങ്ങിയതുമായ ആസ്തികൾ ഒരു രൂപയുടെ പോലും പ്രയോജനം ലഭിക്കാതെ നശിച്ചുപോകുന്നതായി കണ്ടെത്തുകയുണ്ടായി. ഉപയോഗശൂന്യമായ വാഹനം, ഫർണിച്ചറുകൾ, മറ്റ് വസ്തുക്കൾ എന്നിവ ലേലം ചെയ്ത് കൈയൊഴിയുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ബസ് സ്റ്റാൻഡ് കെട്ടിടവും സ്ഥലവും വർഷങ്ങളായി ഉപയോഗിക്കാതെ കാട് മൂടി കിടക്കുന്ന അവസ്ഥയിലാണ്. ബസ് സ്റ്റാൻഡ് കെട്ടിടം നശിച്ച് ഉപയോഗശൂന്യമായി കൊണ്ടിരിക്കുകയാണ്. വർഷങ്ങൾ മുൻപ് നിർമ്മിച്ച ആധുനിക അറവ് ശാലയും ഉപയോഗിക്കാതെ നാശത്തിലാണ്. ഗ്രാമപഞ്ചായത്ത് സിഡ്കോക്ക് ലീസിന് നൽകിയ മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടവും സ്ഥലവും ലീസ് കാലാവധിക്ക് ശേഷവും തിരികെ ലഭിച്ചിട്ടില്ല. സുസ്ഥിര പ്ലാസ്റ്റിക് മാലിന്യ പരിപാലന പദ്ധതി എന്ന പ്രൊജക്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2010-11 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ഗുഡ്സ് ഓട്ടോറിക്ഷ (KL.13.W.398) ഉപയോഗിക്കാത്തതിനാൽ നശിച്ച് പോയ അവസ്ഥയിലാണ്. കേവലം മൂന്ന് മാസം മാത്രമാണ് ഈ വാഹനം ഉപയോഗിച്ചത് (2013-14, 2014-15 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-7 കൂടി കാണുക). ഗ്രാമപഞ്ചായത്ത് പുതിയ ബോലേറോ ജീപ്പ് (KL-13 AR 9581) 14-09-2020 തീയതിയിൽ വാങ്ങിയിരുന്നെങ്കിലും പഴയ ജീപ്പ് (KL.13.R.3660) ഇപ്പോഴും ലേലം ചെയ്ത് കൈയൊഴിയാത്തത് ഗുരുതര വീഴ്ചയാണ്. ജീപ്പും ഗുഡ്സ് ഓട്ടോറിക്ഷയും കുടുംബാരോഗ്യകേന്ദ്രത്തിന്റെ മുറ്റത്ത് മഴയും വെയിലും കൊണ്ട് തുരുമ്പെടുത്ത് നശിക്കുകയാണ്. പഴയ ജീപ്പിന്റെ നിലവിലെ സ്ഥിതി വിവരം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

നിഷ്ക്രിയമായ മേൽ സൂചിപ്പിച്ച ആസ്തികൾക്ക് പുറമെ ഉപയോഗശൂന്യമായ കമ്പ്യൂട്ടർ ഉപകരണങ്ങൾ, മറ്റ് ഫർണിച്ചർ, സാധന സാമഗ്രികൾ എന്നിവയും ലേലം ചെയ്ത് കൈയൊഴിയുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. നിഷ്ക്രിയ ആസ്തികൾ പുനരുജ്ജീവിപ്പിക്കുന്നതിനും ഉപയോഗശൂന്യമായ ആസ്തികൾ (മൂവബിൾ) ലേലം ചെയ്ത് കൈയൊഴിയുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ഭൂനികുതി അടവാക്കുന്നതിനും ജൈവവൈവിധ്യ രജിസ്റ്റർ കാലികമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ ഭൂനികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെയും പുറമ്പോക്ക് ഭൂമിയിലെയും വിവിധ മരങ്ങളുടെ കൃത്യമായ എണ്ണം രേഖപ്പെടുത്തുന്ന വൃക്ഷ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ ഡിജിറ്റൽ സർവ്വെ പൂർത്തിയായി വരുന്നുണ്ടെന്നും

ആയത് പ്രകാരം പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണത്തിനായി നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്നും ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/19-09-2023) മറുപടി നൽകി. ഭൂനികുതി അടവാക്കുന്നതിനും ജൈവവൈവിധ്യ രജിസ്റ്റർ പുതുക്കുന്നതിനും സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 ഡെപ്പോസിറ്റ് പ്രവൃത്തികൾ-ഗ്രാമപഞ്ചായത്ത്തല അവലോകനം

